## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4722 23/07/2015 – ൽ മറുപടിയ്ക്ക്

### സാഫല്യം ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>" ജോസഫ് വാഴയ്ക്കൻ<br>" പി.സി. വിഷ്ണുനാഥ്<br>" ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. കെ.എം.മാണി<br>(ധന-നിയമ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സാഫല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) ഭൂ-ഭവന രഹിതരായ ദുർബലവിഭാഗ-ങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സർക്കാർ സബ്സിഡിയോടു കൂടി പാർപ്പിടം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുകയാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത് |
| സി) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്നത്; | സി) ഭൂ-ഭവന രഹിതരായ ദുർബലവിഭാഗ-ത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിന് ടി പദ്ധതിയിലൂടെ 327 ച.അടി വിസ്തീർണ്ണം ഉള്ള (സർവ്വീസസടക്കം) 3.50 ലക്ഷം രൂപ ചെലവ് വരുന്ന ഫ്ളാറ്റുകളാണ് നിർമ്മിക്കുന്നത്. ഇതിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും |

1 ലക്ഷം രൂപ HUDCO വായ്പയും, 25,000/-രൂപ സന്നദ്ധസംഘടന/ സ്പോൺസർ വിഹിതവും 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. HUDCO വായ്പ സമാഹരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിലാണ് നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്കുള്ള ചെലവ് വഹിക്കേണ്ടതും പഞ്ചായത്താണ്.

ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഡി) ടി പദ്ധതിയുടെ നടത്തിപ്പിനായി 2011-12 മുതൽ സർക്കാർ സബ്സിഡി തുക ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. 2011-12, 2013-14 വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചാണ് പദ്ധതിയുടെ ആദ്യഘട്ടമായി 216 ഫ്ളാറ്റുകൾ കൊല്ലം (ചാത്തന്നൂർ), എറണാകുളം (ചോറ്റാനിക്കര), തൃശ്ശൂർ (പുതുക്കാട്), കോഴിക്കോട് (ചേളന്നൂർ) എന്നിവിടങ്ങളിൽ നിർമ്മിച്ചുവരുന്നത്. ഇതിൽ ചാത്തന്നൂർ സാഫല്യം പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്. 2014-15 വർഷത്തെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് എറണാകുളം ഇലഞ്ഞിയിൽ 48 ഫ്ളാറ്റുകളും, പാലക്കാട് ലക്കിടി-പേരൂർ പഞ്ചായത്തിൽ 66

ഫ്ളാറ്റുകളും കാസർകോട് ചെമ്മനാട്
24 ഫ്ളാറ്റുകളും നിർമ്മിക്കുവാനുള്ള
നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
2015-16 വർഷത്തെ ബഡ്ജറ്റ്
വിഹിതം വിനിയോഗിക്കുന്നതിനുള്ള
പദ്ധതികൾ പഞ്ചായത്തിന്റെ
പൂർണ്ണസഹകരണം ഉറപ്പാക്കികൊണ്ട്
രൂപകൽപ്പന ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ